പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2853 07.02.2018-ൽ മറുപടിക്ക്

# കരമന-കളിയിക്കാവിള എൻ.എച്ച്.വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കരമന-കളിയിക്കാവിള എൻ.എച്ച്. പാതയിലെ വഴിമുക്ക് മുതൽ കളിയിക്കാവിള വരെ റോഡ് വീതി കൂട്ടുന്നതിന് നിലവിൽ എടുത്ത നടപടികൾ എന്തെല്ലാമാണ്; | (എ) കരമന-കളിയിക്കാവിള ദേശീയപാതയുടെ വികസനത്തിലെ രണ്ടാം ഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ കരട് അലൈൻമെന്റ് പ്ളാൻ പൊതുമരാമത്ത് പി.പി.യു വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. ഈ അലൈൻമെന്റിനെ സംബന്ധിച്ച അഭിപ്രായങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ പ്രസ്തുത അലൈൻമെന്റിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് പി.പി.യു വിഭാഗത്തിൽ പുരോഗമിക്കുന്നു. |
| (ബി). പ്രാവച്ചമ്പലം-വഴിമുക്ക് ടെണ്ടർ നടപടി സ്വീകരിച്ചോ; അതിന്റെ നടപടിക്രമങ്ങൾ എന്തായെന്ന് വിശദീകരിക്കാമോ; | (ബി). കരമന-കളിയിക്കാവിള റോഡ് നാലുവരിപ്പാതയാക്കുന്ന ഒന്നാംഘട്ടത്തിലെ രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ ആണ്. ഈ ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള വിശദമായ പദ്ധതി രൂപരേഖ സാങ്കേതികാനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.<br>പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള 5 കി.മീ ഭാഗത്തിന്റെ ടെണ്ടർ നടപടികൾ 2018 ഫെബ്രുവരി മാസത്തിൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ ഒരു വർഷം |

കൊണ്ടുമാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയൂ. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മീ ഭാഗം റവന്യൂ വകുപ്പ് സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കി കൈമാറുന്ന മുറയ്ക്ക് മാത്രമേ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി). വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള പുതിയ പാതയുടെ അലൈൻമെന്റ് പൂർത്തീകരിച്ചോ; ഈ പാതയ്ക്ക് എത്ര ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്;

(സി) കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ രണ്ടാം ഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള പാതയുടെ അലൈൻമെന്റിന് അനുമതി ലഭിച്ചാൽ മാത്രമേ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാവുകയുള്ളൂ.

(ഡി). വഴിമുക്ക്-കളിയിക്കാവിള എൻ.എച്ച്. പാതയുടെ വികസനത്തിന് എത്ര കോടി രൂപയാണ് സർക്കാർ അനുവദിക്കുന്ന തെന്ന് വിശദമാക്കാമോ; ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) & . (ഇ). നിലവിൽ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള റോഡ് വികസനത്തിനായി തയ്യാറാക്കിയിട്ടുള്ള അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടില്ല. അലൈൻമെന്റ് അംഗീകരിച്ച് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയാൽ മാത്രമേ പദ്ധതി ചെലവ് അറിയുവാൻ കഴിയുകയുള്ളൂ. പദ്ധതി തുകയ്ക്ക് ഭരണാനുമതി നൽകി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ ഈ ഭാഗത്തെ പാത വികസനം ആരംഭിക്കുകയുള്ളൂ.

(ഇ) വഴിമുക്ക്-കളിയിക്കാവിള പാത വികസനം 2018-19-ൽ പൂർത്തീകരിക്കാൻ കഴിയുമോ; വിശദാംശം നൽകുമോ?

S. Bindu

സെക്ഷൻ ഓഫീസർ